## നോമ്പു ദിന ചിന്തകൾ
## ഒമ്പതാം ദിവസം

ഒരിക്കൽ നരേന്ദ്രൻ ഗുരുവിനോടു ചോദിച്ചു അങ്ങ് ദൈവത്തെ കണ്ടിട്ടുണ്ടോ? ഗുരു പറഞ്ഞു ഉണ്ട്, ഇപ്പോഴും കാണുന്നു. നിന്റെ കണ്ണുകളിൽ ഞാൻ ഈശ്വരനെ കാണുന്നു. ഈ ഗുരു ശ്രീരാമകൃഷ്ണ പരമ ഹംസരും ശിഷ്യൻ വിവേകാനന്ദനുമായിരുന്നു.

ഒരു പ്രശസ്തനും പുണ്യവാനുമായ ഒരു ഗുരുവിനെക്കുറിച്ചു കേട്ടറിഞ്ഞ ദൂരദേശത്തുള്ള ഒരു വ്യാപാരി ഗുരുവിനെ കാണുവാനഗ്രഹിച്ച് മൈലുകൾ താണ്ടി അദ്ദേഹത്തിന്റെ കുടിലിനരികെ വന്നു. അവിടെ ഒരു ദാസൻ നിൽക്കുന്നതു കണ്ടിട്ട് ഗുരുവിനെ കാണണമെന്നു പറഞ്ഞു. അദ്ദേഹം സന്ദർശകനെ കൂട്ടിക്കൊണ്ട് ഗുരു താമസിക്കുന്ന കുടിലിനകത്തു കൂടെ കൊണ്ടു പോയി പക്ഷെ അവിടെയെങ്ങും ഗുരുവിനെ കണ്ടില്ല. സന്ദർശകൻ പറഞ്ഞു എനിക്കു ഗുരുവിനെയാണു കാണേണ്ടത്. യാചകൻ പറഞ്ഞു താങ്കൾ അദ്ദേഹത്തെ നേരത്തേ തന്നെ കണ്ടുകഴിഞ്ഞു. രൂപത്തിലും ഭാവത്തിലും നിസ്സാരനെന്നു തോന്നാമെങ്കിലും താങ്കൾ കാണുന്ന എല്ലാ മനുഷ്യരേയും വിശുദ്ധരായി കാണുന്നുവെങ്കിൽ താങ്കൾക്കിവിടെ വരെ വരേണ്ട കാര്യമില്ലായിരുന്നു.

ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്യുന്നതൊക്കെയും നിങ്ങൾ എനിക്കാകുന്നു ചെയ്യുന്നത് എന്നു തമ്പുരാൻ പറയുമ്പോൾ ചെറിയവരിൽ ദൈവത്തെ കാണണമെന്നു തന്നെയല്ലെ തമ്പുരാൻ ഉദ്ദേശിക്കുന്നത്? മനുഷ്യരെല്ലാവരും ദൈവത്തിന്റെ സ്വന്തം ഛായയിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടെങ്കിൽ, ദൈവത്തിന്റെ ആത്മാവു കുടികൊള്ളുന്ന മന്ദിരങ്ങളാണെങ്കിൽ തീർച്ചയായും അടുത്തു നിൽക്കുന്നവരിൽ ദൈവത്തെ കാണണം.

ഓർത്തുനോക്കൂ അടുത്തുനിൽക്കുന്നത് ദൈവമാണെന്ന ബോധ്യമുണ്ടെങ്കിൽ നാം എത്ര ബഹുമാനത്തോടെയായിരിക്കും അപരനെ നോക്കുക. എത്ര താളവും ലയവുമായിരിക്കും അപ്പോൾ സമൂഹത്തിനാകമാനം ഉണ്ടാവുക. ഇന്ന് നമ്മുടെ ചുറ്റും നടക്കുന്ന പല പ്രശ്നങ്ങൾക്കും പ്രധാന കാരണം സഹോദരനെ അന്യനെപ്പോലെ കാണുന്നതു മൂലമല്ലേ. അപ്പോസ്തോലൻ പറയുമ്പോലെ തന്നേക്കാൾ തന്റെ സഹോദരൻ ശ്രേഷ്ഠനാണെന്നും (ഫിലി 2:3). സ്നാപക യോഹന്നാൻ പറയുന്നതു പോലെ സഹോദരൻ തന്നേക്കാൾ ഉയരണമെന്ന ചിന്ത നമ്മിലങ്കുരിക്കട്ടെ (യോഹ 3:30). ലോകത്തിൽ ദൈവരാജ്യം ഉയരട്ടെ.

എസ്. കെ. ജെ..